# സ്കൂളിന്റെ ചരിത്രം

അറക്കിലാട് പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ഉന്നമനം ലക്ഷ്യംവെച്ചുകൊണ്ട് ലാഭേച്ഛകൂടാതെ 1920ൽ പൂർവ്വികർ ആരംഭിച്ച വിദ്യാലയമാണ് അറക്കിലാട് ഈസറ്റ് എൽ.പി. സ്കൂൾ. ഇപ്പോൾ ഈ വിദ്യാലയം 97 വർഷം പിന്നിട്ടിട്ടും അക്കാദമിക മികവിന്റെ കാര്യത്തിൽ എന്നും മുൻപന്തിയിൽതന്നെ നിൽക്കുന്നുവെന്ന വസ്തുത പ്രത്യേകം എടുത്തുപറയേണ്ടതാണ്. ശ്രീ.നടുവിലെടുത്ത് ഗോപാലൻ നമ്പ്യാരുടെ മാനേജ്മെന്റിലായിരുന്നു ഈ വിദ്യാലയം. അദ്ദേഹത്തിന്റെ നിര്യാണത്തോടെ അദ്ദേഹത്തിന്റെ ഭാര്യയായ പേരോട്ട് ജാനകി അമ്മയുടെ മാനേജ്മെന്റിലാണ്. ശ്രീ. പ്രമോദ് കുമാറാണ് മാനേജരായി ജാനകി അമ്മയുടെ മരണശേഷം ചുമതല വഹിക്കുന്നത്. വളരെ പ്രഗൽഭരായ വ്യക്തികൾ ആദ്യംമുതൽ ഈ വിദ്യാലയത്തിൽ ഗുരുക്കൻമാരായിട്ടുണ്ട്. ശങ്കരക്കുറുപ്പ് മാസ്റ്റർ, കണാരക്കുറുപ്പ് മാസ്റ്റർ, ഗോപാലൻ നമ്പ്യാർ മാസ്റ്റർ, പൊക്കൻ മാസ്റ്റർ, കുഞ്ഞുണ്ണി നമ്പ്യാർ മാസ്റ്റർ എന്നീ മൺമറഞ്ഞുപോയ ഗുരുനാഥൻമാരും സാമൂഹ്യ പ്രവർത്തനങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ച മറ്റു അധ്യാപകരായ പാറുടീച്ചർ, വേണു മാസ്റ്റർ, കൃഷ്ണൻ മാസ്റ്റർ, കാർത്തിയാനി ടീച്ചർ, ലീല ടീച്ചർ, പുഷ്പവല്ലി ടീച്ചർ, ശ്യാമള ടീച്ചർ, മൊയ്തു മാസ്റ്റർ, അസീസ് മാസ്റ്റർ, പത്മജ ടീച്ചർ എന്നിവരും മാതൃകാപരമായ സേവനം നടത്തി വിരമിച്ച അധ്യപകരാണ്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ കഴിവുതെളിയിച്ചുകൊണ്ടിരിക്കുന്ന നിരവധി ആളുകൾ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ് എന്നതും ശ്രദ്ധേയമായ നേട്ടംതന്നെയാണ്.

## ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഓരോ വർഷവും മുന്നേറ്റത്തിന്റെ പാതയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ വിഷയത്തിൽ ലോകോത്തരമായി കേരളത്തെ പരാമർശിക്കുന്ന തരത്തിലേക്ക് നാം വളർന്നിട്ടുണ്ട്. പഠനം എവിടെയും അവസാനിക്കുന്നില്ല എന്ന കാഴ്ചപാട് ശരിവെക്കുന്ന സമൂഹം പിറവികൊണ്ടിരിക്കുന്നു. ആധുനിക സമൂഹത്തിൽ അറിവിനെ ആധാരമാക്കിയും ആയുധമാക്കിയും വളരുന്ന തലമുറ മികച്ച തൊഴിലിനും ഉയർന്ന നിലവാരത്തോടുള്ള ജീവിതരീതിയിലേക്കും മാറിയിട്ടുണ്ട്. മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് വിദ്യാലയത്തിന്റെ ഭൗതീക സൗകര്യങ്ങളും പഠന നിലവാരവും, പഠന മേഖലയും പാഠ്യപദ്ധതിയുമായി ഇണങ്ങുന്ന പഠനോപകരണങ്ങളും, വായനാസാമഗ്രികളും മറ്റ് സാഹചര്യങ്ങളും ഒരുക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അതുവഴി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വിദ്യാലയത്തോടുള്ള താൽപര്യം വർദ്ധിക്കാനും അതുവഴി വിദ്യാലയത്തെ മെച്ചപ്പെടുത്താനും സാധിക്കും. ഓരോ വിദ്യാലയവും അറിവന്റെ പ്രഭ പരത്തുന്ന പ്രകാശ ഗോപുരങ്ങളായി പരലസിക്കണം. നവലോകത്തിന്റെ സാധ്യതയെയും ചതിക്കുഴിയേയും മനസ്സിലാക്കുകയും പെൺകുട്ടികളുടെ കാര്യത്തിൽ കൂടുതൽ പരിഗണനയും പരിരക്ഷയും വേണം. അതോടൊപ്പം കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള അവബോധം രക്ഷിതാക്കളിലും സമൂഹത്തിലും കുട്ടികളിലും ഉണ്ടാകേണ്ടിയിരിക്കുന്നു.

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണല്ലോ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പരമമായ ലക്ഷ്യം.

- എൽ പി സെക്ഷന് അനുയോജ്യമായ ലാബ് സൗകര്യങ്ങൾ ഒരുക്കുക.
- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് സംഘടിപ്പിച്ച് കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുക
- അനുയോജ്യവും ആസ്വാദകവുമായ പുസ്തകങ്ങൾ ഉൾപ്പെടുത്തി ലൈബ്രറി പരിപോഷിപ്പിക്കുക.
- കായിക പഠനം പരിപോഷിപ്പിക്കാൻ മാസ്ഡ്രിൽ എക്സസൈസ് ഉൾപ്പെടുത്തുക.
- കായിക ക്ഷമത പരിശോധിക്കാൻ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.
- സ്കൂളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
- എല്ലാകുട്ടികളെയും മികച്ച വായനക്കാരാക്കുക.
- എല്ലാകുട്ടികളെയും അക്ഷരതെറ്റ് കൂടാതെ എഴുതാനുള്ള പരിശീലനം നൽകുക.
- എൽ എസ് എസിന് സ്പെഷ്യൽ കോച്ചിംഗ് നൽകാൻ പ്രാപ്തരായവരെ കണ്ടെത്തി ഉപയോഗപ്പെടുത്തുക.
- നിർധനരായ കുട്ടികളെ സഹായിക്കാനുള്ള സംവിധാനം കണ്ടെത്തുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് നൽകുക.
- കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ച് വിദ്യാലയത്തെ എക്ണോമിക്ക എന്ന ലക്ഷ്യത്തിലേക്ക് ഉയർത്തുക.
- കുട്ടികളുടെ കലാവാസനകൾ പ്രോത്സാഹിപ്പിക്കാനും പരിശീലിപ്പി  ക്കുവാനും പ്രാദേശിക വിദഗ്ദരുടെ കഴിവുകൾ പ്രയോജനപ്പെടുത്തുക.
- സ്കൂൾ അന്തരീക്ഷം ആകർഷകമാക്കുന്നതിന് പൂന്തോട്ടങ്ങളു പച്ചക്കറികളും ഔഷധ തോട്ടങ്ങളും ഒരുക്കുക.
- ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ.

- പഠനോപകരണം നിർമ്മാണത്തിനും വായന സാമഗ്രി നിർമ്മാണ ത്തിനുമായി അമ്മമാരുടെ ശില്പശാല.
- കുട്ടികളുടെ രചനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കൈ എഴുത്ത് മാസിക തയ്യാറാക്കൽ.

## സ്കൂളിന്റെ നേട്ടങ്ങൾ

ഒരു നൂറ്റാണ്ട് കാലമായി അറക്കിലാട് പ്രദേശത്തെ കുരുന്നുകൾക്ക് ആദ്യാക്ഷരത്തിന്റെ മാധുര്യം പകർന്നു നൽകിയ പ്രശസ്തമായ ഒരു വിദ്യാലയമാണ് അറക്കിലാട് ഈസ്റ്റ് എൽ പി സ്കൂൾ. അൺ എയ്ഡ് വിദ്യാലയങ്ങളുടെ അതിപ്രസരത്തിൽ പൊതുവിദ്യാലയങ്ങൾ ഇന്നും അഭിമുഖീകരിക്കുന്ന കുട്ടികളുടെ കുറവ് കാര്യമായി ബാധിക്കാതെ ഈ വിദ്യാലയത്തെ മുന്നോട്ട് കൊണ്ട് പോകാൻ ഈ വിദ്യാലയത്തിലെ അധ്യാപകർക്ക് സാധിച്ചിട്ടുണ്ട്. ഇതിനായി 2010 ൽ പി ടി എ മുൻകൈ എടുത്ത് ആരംഭിച്ച നേഴ്സറി ക്ലാസ്സ് വളരെയധികം സഹായകമായിട്ടുണ്ട്.

ഒരു പ്രൈമറി വിദ്യാലയത്തിലെ പ്രാഥമിക സൗകര്യങ്ങൾ മിക്കതും പി ടി എ കമ്മിറ്റി വഴി എസ് എസ് എ ഫണ്ട് വിനിയോഗ ത്തിലൂടെയും നേടിയെടുക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. നേഴ്സറി മുതൽ 4 വരെ മൊത്തം 35 വിദ്യാർത്ഥികളാണ് ഈ അദ്ധ്യാന വർഷത്തിൽ സ്കൂളിൽ പഠനം നടത്തുന്നത്.

അക്കാദമിക രംഗത്ത് വടകര വിദ്യാഭ്യാസ ജില്ലയിലെ മറ്റ് വിദ്യാർത്ഥികൾടക്ക് ഒപ്പവും മികവ് പുലർത്താൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. കായിക രംഗത്തും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും ഈ വിദ്യാലയത്തിലെ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുണ്ട്.

ശാസ്ത്ര മേളയിലും സാമൂഹിക ശാസ്ത്ര മേളയിലും പ്രവൃത്തി പരിചയ മേളയിലും പങ്കെടുത്ത് കുട്ടികൾ അവരുടെ മികവ് തെളിയിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ വിവിധ മേളകളിൽ ജില്ലാ തലംവരെ എത്താനും എൽ എസ് എസ് കരസ്ഥമാക്കാനും കഴിഞ്ഞു എന്നത് എടുത്തു പറയത്തക്ക

നേട്ടമാണ്. എല്ലാവർഷവും പഠനത്തിൽ മികച്ച നിലവാരം പുലർത്തുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി വരാറുണ്ട്. കംപ്യൂട്ടർ പരിജ്ഞാനം നിർബന്ധമായ ഈ ഒരു കാലഘട്ടത്തിൽ കുട്ടികൾക്ക് സ്വയം കൈകാര്യം ചെയ്യാൻ ആവശ്യമായ ഒരു സ്മാർട്ട് ക്ലാസ്സ് റൂം ഈ വിദ്യാലയത്തിൽ ലഭ്യമാണ്. ദിനാചരണത്തിന്റെ ഭാഗമായി നിരവധി തനത് പ്രവർത്തനങ്ങളും ക്വിസ് മത്സരങ്ങളും സ്കൂളിൽ നടത്തി വരാറുണ്ട്. എൽ എസ് എസ് പരീക്ഷയ്ക്ക് തയ്യാറാവുന്ന കുട്ടികൾക്ക് മുൻ വർഷങ്ങളിലെത് പോലെതന്നെ പ്രത്യേകം പരിശീലനവും കൊടുക്കുന്നുണ്ട്. പഠനം പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കാൻ നഗരസഭയും , ഡയറ്റും നടത്തി വരുന്ന മലയാള തിളക്കം ശ്രദ്ധ എന്നീ പരിപാടികൾ അധ്യാപകർക്ക് വളരെയധികം സഹായകമായിട്ടുണ്ട്. സ്കൂളിന്റെ എല്ലാവിധ പ്രവർത്തനങ്ങളിലും സജീവമായ ഒരു പി ടി എ കമ്മിറ്റി ഇപ്പോഴും നിലവിലുണ്ട്. കുട്ടികൾക്ക് വിഭവസമൃദ്ധവും പോഷകസമൃദ്ധവുമായ ഭക്ഷണം നൽകുന്നതിൽ നൂൺ ഫീഡിംഗ് കമ്മിറ്റിയും അതീവ ശ്രദ്ധചെലുത്തുന്നുണ്ട്. സ്കൂളിന്റെ സർവ്വോന്മുഖമായ വികസനത്തിന് സ്കൂൾ വികസന സമിതിയും രൂപീകരിച്ചിട്ടുണ്ട്.

## സ്കൂളിന്റെ പരിമിതികൾ

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ രണ്ട്, മൂന്ന് വർഷംകൊണ്ട് മുന്നേറ്റത്തിന്റെ പാതയിൽ വന്നുകൊണ്ടിരിക്കുകയാണെങ്കിലും ഒരുപാട് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. മാറിവരുന്ന സാഹചര്യങ്ങൾക്ക് അനുസരിച്ച് വിദ്യാലയത്തിന്റെ ഭൗതീക സാഹചര്യം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. കൂടാതെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉറപ്പുള്ളതും ആകർഷകവുമായ ഇരിപ്പിടം ഒരുക്കലും, പ്രത്യേക പാചകമുറി നിർമ്മിക്കലും, നിലം ടൈൽപാകേണ്ടതും അത്യാവശ്യമാണ്. ഇതിനുവേണ്ടി പി.ടി.എ കമ്മിറ്റിയുടെ സഹകരണം ലഭിക്കുന്നുണ്ടെങ്കിലും പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇതു സമൂഹത്തിന്റേതന്നെ വിദ്യാലയമാക്കാനുള്ള ശ്രമത്തിലാണ് ഞങ്ങൾ. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ജനങ്ങൾ അധിവസിക്കുന്ന പ്രദേശത്തുനിന്നാണ് സ്കൂളിലേക്ക് കുട്ടികൾ എത്തിച്ചേരുന്നത്. വർഷാവർഷങ്ങളിൽ സ്കൂളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ വലിയ ശതമാനം പട്ടികജാതി, പട്ടികവർഗ്ഗങ്ങളിൽ നിന്നുള്ളവരാണ്.

## മാതൃഭാഷ

കുട്ടിയെ മികച്ച വായനക്കാരനാക്കുക. എഴുത്തിലും വായനയിലും മികവ് പുലർത്തുക, എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഒട്ടനവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. അക്ഷരതെറ്റുകൾ, ഭാഷാപ്രയോഗത്തിലുള്ള പിശകുകൾ, വ്യവഹാരരൂപങ്ങൾ ഉപോയഗിക്കുന്നതിനുള്ള പോരായ്മകൾ, ഉച്ചാരണ പിശകുകൾ, സർഗാത്മകതയുടെ അഭാവം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ കുട്ടികൾക്കിടയിലുണ്ട്. ഇവ പരിഹരിക്കാൻ പഠന പ്രശ്നങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും അർത്ഥപൂർണ്ണമായി വായിക്കാനും എഴുതാനും കഴിയുന്നു എന്നു ഉറപ്പാക്കുന്നു.
- എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമായ വിധം മികച്ചനിലയിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.
- കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക
- സാർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക
- ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുക
- പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർന്ന നിലവാരത്തിൽ എത്തിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | വായനാസാമഗ്രി നിർമ്മിക്കുന്നു (അക്ഷരകാർഡ്,പദകാർഡ് വായനാ കാർഡ്) | ജൂൺ-മാർച്ച് | MPTA Class Teacher | Library Shelf |
| | **ലൈബ്രറി വികസനം**<br>ഓരോ കുട്ടികളിൽനിന്നും ഓരോ ലൈബ്രറി പുസ്തകം സംഭാവനയായി വാങ്ങിക്കുന്നു ഒരു വർഷത്തേക്ക് 100 പുസ്തകം എന്നനിലയിൽ ശേഖരിക്കുന്നു | | | |
| | **ലൈബ്രറി വായന**<br>ഓരോ ക്ലാസിലേക്കും യോജിച്ച തരത്തിലുള്ള പുസ്തകങ്ങൾ കണ്ടെത്തുന്നു. | മെയ് | Class Teacher | Library books |
| | ആഴ്ചയിൽ ലൈബ്രറി വിതരണം കുട്ടികൾക്ക് ചാർജ് കൊടുക്കുന്നു രേഖപ്പെടുത്തുന്നു | ജൂൺ-മാർച്ച് | | |
| | **വായനാക്കൂട്ടം**<br>ആഴ്ചയിൽ കുട്ടികൾക്ക് കൊടുക്കുന്ന ലൈബ്രറിയുടെ കുറിപ്പ് എഴുതി വരുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു പോർട്ട് ഫോളിയോയിൽ ശേഖരിക്കുന്നു | ജൂൺ-മാർച്ച് | Class Teacher | |
| | **കഥാവായന**<br>കുട്ടികൾക്ക് യോജിച്ച തരത്തിലുള്ള കഥാപുസ്തകങ്ങൾ ലിസ്റ്റ് ചെയ്യുന്നു. ശേഖരിക്കുന്നു | മെയ് | Class Teacher | കഥാപുസ്തകങ്ങൾ |
| | ക്ലാസ് തലത്തിലുള്ള വായന | ജൂൺ-മാർച്ച് | | |
| | **വായനശാലാ അംഗത്വം**<br>അടുത്ത വായനശാലയുമായി ബന്ധപ്പെടുന്നു. | ജൂൺ | HM,SSG Club Members | |
| | വായിച്ച പുസ്തകത്തിന്റെ കുറിപ്പ് ശേഖരിക്കുന്നു | ജൂൺ-മാർച്ച് | Class Teacher | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **സാഹിത്യകാരന്മാരും, എഴുത്തുകാരും തമ്മിലുള്ള അഭിമുഖം** | 3 മാസത്തിലൊരിക്കൽ | | |
| | ♦നമ്മുടെ പ്രദേശത്തെ സാഹിത്യകാരന്മാരെ കണ്ടെത്തൽ, അഭിമുഖത്തിനുള്ള തയ്യാറെടുപ്പ് | മെയ് | | |
| | ♦കുട്ടികൾക്ക് അഭിമുഖത്തിന് ആവശ്യമായ ചോദ്യാവലി തയ്യാറാക്കുന്നു | ആഗസ്റ്റ് | HM<br>Class Teacher | 500 |
| | ♦സ്കൂളിലേക്ക് ക്ഷണിക്കുന്നു | നവംബർ | | |
| | ♦സംവാദത്തിനു ശേഷം കുട്ടികൾ കുറിപ്പ് തയ്യാറാക്കുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. | ഫെബ്രുവരി | | |
| | **വായനാ മത്സരം** | | | |
| | ♦ക്ലാസ് തലത്തിൽ കുട്ടികൾക്ക് വായനാ മത്സരം സംഘടിപ്പിക്കുന്നു. | ജൂൺ | Class Teacher | |
| | ♦വിജയികളെ കണ്ടെത്തുന്നു. | | | |
| | **ക്ലാസ് ഓപ്പൺ ലൈബ്രറി** | | | |
| | ഓരോ കുട്ടിയിൽനിന്നും ഒരു പുസ്തകം എന്ന നിലയിൽ ശേഖരിക്കുന്ന പുസ്തകങ്ങൾ ഓപ്പൺ ലൈബ്രറിയിൽ വെക്കുന്നു. കുട്ടികൾക്ക് യഥാവസരം എടുക്കുവാനുള്ള സജ്ജീകരണം ഒരുക്കുന്നു. | ജൂൺ-മാർച്ച് | Class Teacher | Library Shelf |
| പഠനപിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർന്ന നിലവാരത്തിൽ എത്തിക്കുന്നു.അർത്ഥം പൂർണമായി എഴുതുന്നു ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ) | **പ്രീടെസ്റ്റ്**<br>♦ഓരോ കാസിലെ കുട്ടികൾക്കും അനുയോജ്യമായ രീതിയിലുള്ള വിവിധ മേഖലയിലുള്ള പ്രീടെസ്റ്റ് നടത്തുന്നു.<br>♦മൂല്യ നിർണയം നടത്തുന്നു.<br>♦റിസൽട്ട് രേഖപ്പെടുത്തുന്നു.<br>♦റിപ്പോർട്ട് തയ്യാറാക്കുന്നു<br>♦എസ്.ആർ.ജിയിൽ അവതരിപ്പിക്കുന്നു | ജൂൺ | Class Teacher | Work Sheet |

| പ്രവർത്തനങ്ങൾ | ചുമതല | സമയക്രമം |
|---|---|---|
| * അർധവാർഷിക പരീക്ഷയുടെ മൂല്യനിർണ്ണയം. | അധ്യാപകർ | 2025 ജനുവരി 01 |
| * പഠനപിന്തുണ പ്രവർത്തനവുമായി ബന്ധപ്പെട്ട വിദ്യാലയതല വിശകലന യോഗം | പ്രധമാധ്യാപകർ | 2025 ജനുവരി 0 |
| * പഠിതാക്കൾക്കുള്ള പ്രത്യേക പ്രവർത്തനങ്ങളുടെ ആസൂത്രണം | എസ്. ആർ. ജി കൺവീനർ/ പ്രധമാധ്യാപകർ | 2025 ജനുവരി 06 |
| * രക്ഷകർത്താക്കളുടെ സി. പി. ടി. എ യോഗം | ക്ലാസ് ടീച്ചർ | 2025 ജനുവ 0 |
| * പഠനപിന്തുണ പ്രവർത്തനങ്ങളുടെ നിർവഹണം | ബന്ധപ്പെട്ട വിഷയങ്ങളുടെ അധ്യാപകർ | 2025 ജനു 3 |
| * പ്രത്യേക പ്രവർത്തനങ്ങളുടെ ക്ലാസ് റൂം തല വിലയിരുത്തൽ | ബന്ധപ്പെട്ട വിഷയങ്ങളുടെ അധ്യാപകർ | 2025 ജനു 3 |
| * പഠനപിന്തുണ പ്രവർത്തനങ്ങളുടെ ഫല പ്രാപ്തി വിലയിരുത്തുന്നതിനുള്ള എസ്. ആർ. ജി യോഗം | എസ്. ആർ. ജി കൺവീനർ/ പ്രധമാധ്യാപകർ | 2025 ഫെബ്രുവ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക. സർഗാത്മക രചനക്കുള്ള അവസരം ഒരുക്കൽ | **വർക്ക്ഷീറ്റ് തയ്യാറാക്കൽ**<br>♦പ്രീടെസ്റ്റിലൂടെ പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>♦അവർക്ക് യോജിച്ച നിലവാരത്തിലുള്ള വർക്ക്ഷീറ്റുകൾ ക്ലാസ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നു.<br>♦കുട്ടികൾക്ക് നൽകുന്നു.<br>♦മൂല്യനിർണ്ണയം നടത്തുന്നു.<br>♦റിപ്പോർട്ട് രേഖപ്പെടുത്തുന്നു.<br>**മലയാളത്തിളക്കം**<br>♦പഠനപിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രീടെസ്റ്റിലൂടെ കണ്ടെത്തി ഒഴിവുസമയങ്ങളിൽ പഠനപ്രവർത്തനങ്ങൾ നടത്തുന്നു.<br>♦ഐ.സി.ടി സാധ്യതക്ക് വേണ്ടി സി.ഡികൾ കണ്ടെത്തുന്നു.<br>♦വർക്ക് ഷീറ്റുകൾ കണ്ടെത്തുന്നു.<br>♦മൂല്യനിർണയം നടത്തുന്നു.<br>♦രേഖപ്പെടുത്തുന്നു.<br>♦റിപ്പോർട്ട് തയ്യാറാക്കുന്നു<br>♦എസ്.ആർ.ജിയിൽ രേഖപ്പെടുത്തുന്നു.<br>**സാഹിത്യ സമാജം**<br>♦സർഗാത്മകമായ കഴിവുകളുള്ള കുട്ടികളെ ക്ലാസ്തലത്തിൽ കണ്ടെത്തുന്നു.<br>♦സാഹിത്യ സമാജത്തിന്റെ ചുമതല കുട്ടികൾക്ക് നൽകുന്നു.<br>♦മാസാവസാനം സാഹിത്യസമാജം പരിപാടിയിൽ അവതരിപ്പിക്കുന്നു. | ജൂൺ<br>ജൂൺ-ജൂലൈ<br>ജൂൺ-മാർച്ച്<br>ജൂൺ<br>ആഗസ്റ്റ്-മാർച്ച് | Class Teacher<br>Class Teacher<br>MPTA<br>DIET<br>BRC<br>IEDC Trainer<br>Class Teacher | Work Sheet<br>Work Sheet<br>CD |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **ബാലസഭ രൂപീകരണം**<br>♦എല്ലാ ക്ലാസിലെ കുട്ടികളെയും ഉൾപ്പെടുത്തി ബാലസഭ രൂപീകരിക്കുന്നു.<br>♦അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നു. | ജൂൺ | Class Teacher<br>HM | Work Sheet |
| | **എഴുത്തുകൂട്ടം**<br>♦ഓരോ ക്ലാസിലെ കുട്ടികളിൽനിന്നും വിവിധ സൃഷ്ടികൾ ശേഖരിക്കുന്നു.<br>♦ബാലസഭയിൽ അവതരിപ്പിക്കുന്നു.<br>♦വിലയിരുത്തുന്നു. | ജൂൺ-മാർച്ച് | Class Teacher<br>HM | A4 Sheet<br>Record-1000 |
| | **മാഗസിൻ നിർമ്മാണം**<br>♦ഓരോ ക്ലാസ് തലത്തിലെയും കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് രചനകൾ രൂപപ്പെടുത്തുന്നു.<br>♦ശേഖരിക്കുന്നു<br>♦വർഷാവസാനം മാഗസിനായി രൂപപ്പെടുത്തുന്നു.<br>♦വാർഷിക പരിപാടിയിൽ പ്രകാശനം ചെയ്യുന്നു. | ജൂൺ<br>ജൂൺ-മാർച്ച്<br>മാർച്ച്<br>മാർച്ച് | Class Teacher<br>Class Teacher<br>MPTA | മാഗസിൻ |
| | **പതിപ്പ് ചുമർപത്രിക നിർമ്മാണം**<br>♦ഓരോ ക്ലാസിന്റെയും ദിനാചരണവുമായും പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട പതിപ്പുകളും, ചുമർപത്രികയും നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു.<br>♦രക്ഷിതാക്കളുടെ സഹായത്തോടെ പതിപ്പ്, ചുമർപത്രിക നിർമ്മിക്കാൻ ആവശ്യപ്പെടുന്നു.<br>♦ഒരു കുട്ടിക്ക് ചുമതല നൽകുന്നു.<br>♦വർഷാവസാനം രക്ഷിതാക്കൾക്ക് മുൻപിൽ പ്രദർശിപ്പിക്കുന്നു.. | ജൂൺ-ഫെബ്രുവരി<br>മാർച്ച് | | Chart<br>A4 Sheet |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **ചിത്ര പ്രദർശനം**<br>**(പോസ്റ്റർ നിർമ്മാണം)**<br>♦ സാഹിത്യകാരന്മാരുടെ ചിത്രങ്ങളും കുറിപ്പുകളും ശേഖരിക്കുന്നു<br>♦ കുട്ടികൾ ശേഖരിക്കുന്നു<br>♦ പ്രദർശിപ്പിക്കുന്നു. | | Class Teacher | ഡി.ടി.പി<br>ചിത്രങ്ങൾ<br>കുറിപ്പുകൾ |
| | **ക്യാമ്പുകൾ**<br>♦ വിവിധ മേഖലയിൽ പ്രാവിണ്യം നേടിയ വ്യക്തികളെ സംഘടിപ്പിച്ച് ശിൽപശാല | ജനുവരി | | |
| ഭാഷാ ശേഷീ വികാസത്തിനായി ആധുനികശാസ്ത്ര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നു. | **പഠനസാമഗ്രി നിർമ്മാണം**<br>♦ ഓരോ ക്ലാസിലെയും വിഷയാടിസ്ഥാനത്തിൽ ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>♦ ശേഖരിക്കുന്നു<br>♦ പ്രവർത്തിക്കുന്നു | ജൂൺ | Class Teacher | സി.ഡി |
| | **ഭാഷാകേളി**<br>♦ ഓരോ ക്ലാസിലെയും പാഠഭാഗവുമായി ബന്ധപ്പെട്ട് കളികൾ കണ്ടെത്തുന്നു. | ജൂൺ | ജൂൺ | CD |
| | ♦ കുട്ടികൾക്ക് ഇ.ഐ.സി.ടി സാധ്യതയിലൂടെ കൈകാര്യം ചെയ്യുവാനുള്ള വേദി ഒരുക്കുന്നു. | ജൂൺ-മാർച്ച് | Class Teacher | കമ്പ്യൂട്ടർ |

# ഇംഗ്ലീഷ്

മലയാളത്തിലേതുപോലെ ഇംഗ്ലീഷിലും സംസാരിക്കാനും എഴുതാനും വായിക്കുവാനുമുള്ള കഴിവ് എല്ലാ രക്ഷിതാക്കളുടെയും സ്വപ്നമാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കാതെതന്നെ ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ നമ്മുടെ കുട്ടികൾക്ക് കഴിയണം. വരുംകാലങ്ങളിൽ ഇംഗ്ലീഷ് പഠനത്തിന്റെ നിലവാരം ഉയർത്താതെ മുന്നോട്ടു പോകാൻ കഴിയില്ല എന്ന വസ്തുത നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ്ഭാഷ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുക
- ഇംഗ്ലീഷ് ഡിക്ഷനറി കൈകാര്യം ചെയ്യുന്നത് മനസ്സിലാക്കുക.
- ഇംഗ്ലീഷ്ഭാഷ സംസാരിക്കാനുള്ള മടി ഇല്ലാതാക്കുക
- പാഠപുസ്തകത്തിനപ്പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കുക.
- കഥകൾ കേൾക്കാനും പാട്ടുകൾ കേൾക്കാനും അവസരങ്ങൾ ഒരുക്കുക
- ഇംഗ്ലീഷ് പത്രങ്ങൾ വായിക്കാൻ പ്രേരിപ്പിക്കുക
- ഇംഗ്ലീഷിൽ ഡയറി എഴുതുവാനുള്ള കഴിവ് വളർത്തുക
- സ്വന്തമായി സ്ക്രിപ്റ്റ് എഴുതുവാനുള്ള കഴിവുണ്ടാക്കുക
- തന്നെക്കുറിച്ചും കുടുംബത്തെക്കുറിച്ചും പറയാൻ പ്രാപ്തരാക്കുക

## ഗണിതം

കുട്ടികളുടെ ഗണിത വർക്കരണ ശേഷികൾ വികസിപ്പിക്കുക എന്നതാണല്ലോ ഗണിതപഠനം കൊണ്ടുദ്ദേശിക്കുന്നത്. എല്ലാ കുട്ടികളെയും ഗണിതപഠനത്തിന് താൽപര്യമുള്ളവരാക്കാനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തണം. കുട്ടികൾക്ക് ആസ്വാദ്യകരമാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ക്ലാസിലെ കുട്ടികൾക്കും ഗണിതം തനിക്ക് പഠിക്കാൻ കഴിയുമെന്ന വിശ്വാസം ഉണ്ടാക്കണം. ഇതിനു സഹായകരമാകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

### ലക്ഷ്യങ്ങൾ

- ദൈനംദിന ജീവിതപ്രശ്നം പരിഹരിക്കുന്നതിനും മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ നേടുന്നതിനും
- കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും
- ഉപകരണ നിർമ്മാണത്തിനും അത് പ്രയോഗിക്കുന്നതിനുമുള്ള ശേഷി കൈവരിക്കുന്നതിന്
- ഗണിത കഥകളിലൂടെയും പാട്ടുകളിലുടെയും ആശയങ്ങൾ താൽപര്യത്തോടെ മനസ്സിലാക്കുന്നതിന്
- ഗണിതത്തിലെ അടിസ്ഥാനവസ്തുതകൾ ഉറപ്പിക്കുന്നതിന്
- ഭാരത്തിന്റെയും നീളത്തിന്റെയും യൂണിറ്റുകൾ തമ്മിലുള്ള പരസ്പരബന്ധം മനസ്സിലാക്കാൻ
- സമയംനോക്കി പറയാൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിന്റെ ആവശ്യകത.<br>ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | ഗണിത ചരിത്രത്തിന്റെ പ്രാധാന്യവും ഗണിതശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രവും കുട്ടികളുമായി പങ്കുവെക്കുക<br>ഗണിതശാസത്രജ്ഞന്മാരുടെ ചിത്രങ്ങൾ ശേഖരിക്കുക, പ്രദർശിപ്പിക്കുക | | Head Master<br>SRG-Convenor<br>Class -Teacher | |
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | **Pre test**<br>♦അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തന്നു.<br>♦ചോദ്യാവലി ഉണ്ടാക്കുന്നു<br>♦ഓരോ ക്ലാസിലും കുട്ടികൾക്ക് അനുയോജ്യമായ രീതിയുല്ലുള്ള വിവിധ മേഖലയിൽ(സങ്കലനം, വ്യവകലനം, ഗുണനം)പ്രീടെസ്റ്റ് നടത്തുന്നു.<br>♦മൂല്യനിർണയം നടത്തുന്നു.<br>♦റിസൽട്ട് രേഖപ്പെടുത്തുന്നു.<br>♦റിപ്പോർട്ട തയ്യാറാക്കുന്നു. എസ്.അർ.ജിയിൽ അവതരിപ്പിക്കുന്നു.സംഖ്യ ബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ, കുട്ടികൾ മുൻ ക്ലാസുകളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തുകൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതമായും,ഗ്രുപ്പായും നൽകുന്നു.<br>♦വർക്ക് ഷീറ്റുകൾ നൽകുന്നു<br>♦രക്ഷിതാക്കൾക്ക് ക്ലാസുകൾ നൽകുന്നു | ജൂൺ<br>മെയ് അവസാനം<br>ജൂൺ ആദ്യ വാരം<br>ജൂൺ മുതൽ മാർച്ച് വരെ | Head-Master<br>SRG-Convenor<br>Class-Teacher | വർക്ക്ഷീറ്റ്<br>ഐ.സി.ടി<br>ക്ലാസ്റൂം |
| ഗണിതസ്വാദനം | **ഗണിതകേളി**<br>♦ ഗണിതം പരീക്ഷണവസ്തു ആക്കാതെ തുടർപ്രവർത്തനത്തിന് സാധ്യതയുള്ളപഠനപ്രവർത്തനങ്ങൾ ആസൂത്രണം. ചെയ്തു നടപ്പിലാക്കുന്നു.<br>♦ഗണിതവുമായി ബന്ധപ്പെട്ട അഭിനയങ്ങൾ, ഗാനങ്ങൾ, ശേഖരിക്കുന്നു .<br>പാഠാസൂത്രണങ്ങൾ പുസ്തകമാക്കുന്നു ഫലപ്രദമായി ആസൂത്രണം ചെയ്യുന്നു | ഒരു വർഷം | Head-Master<br>SRG-Convenor<br>Class-Teacher | ബുക്ക്സ്<br>അസംബ്ലി<br>പഠനോപകരണങ്ങൾ<br>ബുള്ളറ്റിൻ ബോർഡ്<br>ചുമർ-പത്രിക |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിന്റെ ആവശ്യകത, ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക<br>ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ♦ക്വിസ് മത്സരങ്ങൾ, പസിലുകൾ, കസ്റ്റുതികണക്കുകൾ എന്നിവ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു.<br>♦ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തുന്നു. | | Head Master<br>SRG-Convenor<br>Class - Teacher | |
| | **ഗണിതക്ലബ്ബ് രൂപീകരണം**<br>♦ഓരോ ക്ലാസിലെ കാൽഭാഗം കുട്ടികളെ ഗണിത ക്ലബ്ബിൽ അംഗമാക്കുന്നു.<br>♦ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തികൊണ്ട് ക്ലാസ് തലത്തിലും സ്കൂൾതലത്തിലും പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. | 1 വർഷം | Head-Master<br>SRG-Convenor<br>Class-Teacher<br>MPTA<br>PTA | ബുള്ളറ്റിൻ ബോർഡ്<br>ബുക്സ്<br>ചുമർ-പത്രിക<br>ചുമർ പത്രിക<br>ഗണിത കിറ്റ് |
| | **ഗണിത മാഗസിൻ**<br>♦ഗണിതാശയങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ, ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ കണ്ടെത്തി സ്കൂൾതലത്തിൽ മാഗസിൻ തയ്യാറാക്കുന്നു. | ജൂൺ-ഒക്ടോബർ | ഗണിത ക്ലബ്ബ് അംഗങ്ങൾ | എ-4 ഷീറ്റ്<br>ബുക്സ്<br>ബുക്ക് ബൈൻഡിംഗ്<br>ജനങ്ങളുമായി അഭിമുഖം |
| | **ഉത്തരപ്പെട്ടി**<br>♦ഗണിത പ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു<br>♦കുട്ടികൾ ഉത്തരംകണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു.<br>♦സമയം അനുവദിക്കുന്നു. വിജയികളെ കണ്ടെത്തി പ്രഖ്യാപിക്കുന്നു.<br>♦ഉത്തരം വിശകലനം ചെയ്തു അവതരിപ്പിക്കുന്നു. | ആഗസ്റ്റ്-ജനുവരി | | നോട്ടീസ് ബോർഡ് |
| | **ഗണിത ക്വിസ്**<br>മാസത്തിൽ ഒരിക്കൽ ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ നടത്തുന്നു. പ്രതിഭകളെ കണ്ടെത്തുന്നു. | ജൂൺ-മാർച്ച് | | ക്വിസ് ബുക്ക് |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **മനക്കണക്കുകൾ**<br>♦ക്ലാസിൽ പൊതുവായി ചോദ്യം ഉന്നയിക്കുന്നു.<br>♦നിശ്ചിത സമയത്തിനുള്ളിൽ ഉത്തരം കണ്ടെത്തുന്നു.<br>♦അതാത് ക്ലാസിലെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടതും, ചിന്താശേഷി വളർത്തുന്നതുമായ പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. | June-March | Class Teacher | |
| ഗണിത ഉപകരണത്തിനും അത് പ്രയോഗിക്കുവാനുമുള്ള ശേഷി | **ഗണിത ലാബ്**<br>♦ഗണിതവുമായി ബന്ധപ്പെട്ട വസ്തുക്കൾ ലിസ്റ്റ് ചെയ്യുന്നു. (ഓരോ ക്ലാസിലേക്കും)<br>♦രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾ ശേഖരിക്കുന്നു.<br>♦മോഡൽ<br>♦ജയമിതീയ രൂപങ്ങൾ<br>♦നീളം, ഭാരം യൂണിറ്റുകൾ<br>♦വെയിംഗ് മെഷീൻ<br>♦ത്രൂക്ക കട്ടികൾ<br>♦ക്ലോക്ക്<br>♦അബാക്കസ്<br>♦സ്ഥാനവില പോക്കറ്റ്<br>♦ടാനഗ്രം നിർമ്മാണം | May-June | Class Teacher<br>HM<br>PTA<br>SSG | റഫറൻസ് പുസ്തകങ്ങൾ<br>ഗണിതോപകരണങ്ങൾ |
| | **സ്കൂൾ ഗണിത മേള**<br>കുട്ടികൾ ഉണ്ടാക്കിയ ഗണിതോപകരണങ്ങളും സാമഗ്രികളും ലിസ്റ്റ് ചെയ്യുന്നു.<br>തരം തിരിക്കുന്നു<br>രക്ഷിതാക്കളുടെ സഹായത്തോടെ പ്രദർശിപ്പിക്കുന്നു. | | Class Teacher | |
| ഗണിതത്തിലെ അടിസ്ഥാന വസ്തുതകൾ ഉറപ്പിക്കുന്നതിന് | ആവശ്യമായ വസ്തുക്കൾ ലിസ്റ്റ് ചെയ്യുന്നു. (മഞ്ചാടി, കമ്പ് കെട്ടുകൾ,തീപെട്ടി കൂടുകൾ, മുത്ത്)<br>ഓരോ ക്ലാസിലേക്കും യോജിച്ച തരത്തിലുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>പ്രായോഗികമാകുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **ഗണിത പ്രൊജക്ട്**<br>അതാത് ക്ലാസുകൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുന്നു.<br>ക്ലാസ്തലത്തിൽ പ്രൊജക്ട് തയ്യാറാക്കുന്നു.<br>(വീടുകളിലെ വരവ് ചെലവ് കണക്ക്, ക്ലാസിലെ കുട്ടികളുടെ ഉയരം, വയസ്സ്)<br>ഗണിത ക്ലബ്ബിലെ കുട്ടികൾ ശേഖരിച്ചവ ശേഖരിക്കുന്നു.<br>പ്രൊജക്ട് ഡയറിയായി സൂക്ഷിക്കുന്നു. | June-March | Class Teacher | A4 Sheet |
| ദൈനംദിന ജീവിതപ്രശ്നം പരിഹരിക്കുന്നതിനും കൃത്യതയോടെയും കാര്യങ്ങൾ ചെയ്യുന്നതിനും മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്ന ഗണിതശേഷികൾ നേടുന്നതിനും | **ഡോക്യുമെന്ററി**<br>**ഗണിതനാട്ടറിവ്**<br>പ്രാദേശികവും, പരമ്പരാഗതവുമായ തൊഴിലാളികൾ ഉപയോഗിച്ചിരുന്ന അറിവുകളും ഉപകരണങ്ങളും നാട്ടിൽനിന്ന് കണ്ടെത്തി അവരുമായി അഭിമുഖം, ചർച്ച | June-March | Class Teacher HM | 500 |

## ആരോഗ്യ കായിക വിദ്യാഭ്യാസം

ഒരു കുട്ടിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ കായിക വികസനത്തിന് വ്യക്തമായ സ്ഥാനമുണ്ട്. കുട്ടിയുടെ ശാരീരികവും , മാനസികവും, സാമൂഹികവും, വൈകാരികവുമായ വികസനത്തിന് കായികവിദ്യാഭ്യാസം സഹായിക്കുന്നു. അതിനാൽ പ്രൈമറി തലത്തിൽതന്നെ മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായി വിദ്യാഭ്യാസത്തിന്റെ അനുഭവങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ**

- കുട്ടിയുടെ ആരോഗ്യ കായിക വികസന ഘട്ടങ്ങളെ ശാസ്ത്രീയമായി വികസിപ്പിക്കുന്നു.. ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- വിവിധ സന്ദർഭങ്ങളിൽ ഉചിതമായ രീതിയിൽ ശരീരത്തെ ചലിപ്പിക്കാൻ ശേഷി ആർജ്ജിക്കാൻ അവസരം ഉണ്ടാക്കുക.
- ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുക
- സകൂളിന്റെ മാലിന്യ വിമുക്തമാക്കുന്നു. ഹരിതാഭമമാക്കുന്നു.

# പ്രവൃത്തി പരിചയം വിദ്യാഭ്യാസം

വൈകാരികവും വൈജ്ഞാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാധ്യമാകുന്നതിന് പ്രവൃത്തി പരിചയ വിദ്യാഭ്യാസം ആവശ്യമാണ്. തൊഴിലിനോട് ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും സാമൂഹ്യബോധമുള്ള ഒരു പുതിയ തൊഴിൽ സംസ്കാരത്തിന്റെ വക്താക്കളാക്കി പുതുതലമുറയെ വാർത്തെടുക്കാൻ വേണ്ടി പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിലൂടെ സഹായകമാകുന്നു.

**ലക്ഷ്യങ്ങൾ**

- നിർമ്മാണ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- പാഴ് വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതര വിഷയവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക
- മാനവശേഷി വികാസം
- തൊഴിൽ സന്നദ്ധത
- നിർമ്മാണ പ്രവർത്തനങ്ങളിലെ വൈദഗ്ദ്യം തെളിയിക്കൽ
- മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ
- തൊഴിലിനോട് ആഭിമുഖ്യം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു (വിഷയാടിസ്ഥാനത്തിൽ) | **ഒറിഗാമി നിർമ്മാണം**<br>♦ഓരോ ക്ലാസിലെയും പാഠഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു.<br>♦രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മിക്കുന്നു.<br>♦പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുന്നു. പ്രദർശിപ്പിക്കുന്നു. | ജൂൺ<br>മാസംതോറും | Class - Teacher<br>Head-Master SRG-Convenor Class-Teacher MPTA PTA | പേപ്പർ പശ ക്രയോൺ ചാർട്ട് സീക്വിൻസ് നൂൽ മുതലായവ |
| പാഴ് വസ്തുക്കളിൽനിന്നും പഠനോപകരണങ്ങളും ഉൽപ്പന്നങ്ങളും നിർമ്മിക്കാനുള്ള കഴിവ് | ♦പാഴ്‌വസ്തുക്കൾ ലിസ്റ്റ് ചെയ്യുന്നു നിർമ്മാണ ഘട്ടങ്ങൾ വിശദീകരിക്കുന്നു<br>♦അമ്മമാരുടെ സഹായം തേടുന്നു<br>♦സ്കൂൾതലത്തിൽ പ്രദർശിപ്പിക്കുന്നു | ആഗസ്റ്റ് സെപ്തംബർ മാസം | | |
| | **നിർമ്മാണ ക്ലാസ്**<br>♦രക്ഷിതാക്കളുടെ ഇടയിൽ നിന്ന് പ്രഗത്ഭരെ കണ്ടെത്തുന്നു.<br>♦മാസത്തിൽ ഒരിക്കൽ ക്ലാസ് സംഘടിപ്പിക്കുന്നു. | ജൂലൈ-ഫെബ്രുവരി | ഗണിത ക്ലബ്ബ് അംഗങ്ങൾ | 1000 |

## സാമൂഹ്യ ശാസ്ത്രം

സാമൂഹ്യ പുരോഗതിയിൽ ഓരോ കുട്ടിക്കും തന്റേതായ പങ്ക് വഹിക്കാനുള്ള അവസരം ഒരുക്കണം. സ്വന്തം പ്രദേശത്തെക്കുറിച്ചും ജില്ലാ സംസ്ഥാനം എന്നിവയെക്കുറിച്ചും ധാരണ കുട്ടിക്കുണ്ടാകണം. പൊതുസ്ഥാപനങ്ങളെക്കുറിച്ചും, സേവനങ്ങളെക്കുറിച്ചും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചും , ഭരണസംവിധാനങ്ങളെക്കുറിച്ചും ധാരണ കൈവരിക്കാൻ സാമൂഹ്യശാസ്ത്രം സഹായിക്കുന്നു. ആചാരാനുഷ്ഠാനങ്ങൾ, കലകൾ, എന്നിവയെക്കുറിച്ചും മനസ്സിലാക്കാനും സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ കഴിയും.

### ലക്ഷ്യങ്ങൾ

- ജനാധിപത്യ ജീവിത സംസ്കാരം വളർത്തി എടുക്കുന്നു
- സമൂഹത്തിന്റെ മുന്നോട്ട് പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നു.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ സാമൂഹ്യശാസത്ര പഠനത്തിൽ പ്രയോജനപ്പെടുത്തുന്നു.
- സാമൂഹ്യശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുന്ന സാമൂഹ്യ മനോഭാവം വികസിപ്പിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ സംസ്കാരം വളർത്തി എടുക്കുന്നു. | **ജനാധിപത്യ തെരഞ്ഞെടുപ്പ്**<br>♦ എല്ലാ ക്ലാസുകാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ജനാധിപത്യരീതിയിൽ സ്കൂൾലീഡറെ തെരഞ്ഞെടുക്കുന്നു. | ജൂലൈ | | |
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നു. | **പോസ്റ്റർ ചുമർചിത്രം പതിപ്പ് തയ്യാറാക്കൽ**<br>♦ലഹരി വിരുദ്ധ പ്രവർത്തനം, മറ്റ് പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുന്നു.<br>♦ക്ലാസ് തലത്തിൽ പോസ്റ്റർ തയ്യാറാക്കുന്നു.<br>**ബോധവൽക്കരണ ക്ലാസ്**<br>♦സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ദരെ പങ്കെടുപ്പിച്ച് കൊണ്ട് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | | | |
| സാമൂഹ്യശാസ്ത്രത്തിൽ താൽപര്യം വളർത്തുന്നു. സാമൂഹിക മനോഭാവം വികസിപ്പിക്കുന്നു. | **പഠനയാത്ര**<br>♦പഠനയാത്രയ്ക്ക് യോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നു.<br>♦ലിസ്റ്റ് ചെയ്യുന്നു.<br>♦സന്ദർശിക്കുന്നു<br>**ചരിത്ര വസ്തുതകൾ രേഖപ്പെടുത്തൽ**<br>♦ചരിത്രവുമായി ബന്ധപ്പട്ട വസ്തുക്കൾ<br>♦ശേഖരിക്കുന്നു. രേഖപ്പെടുത്തുന്നു.<br>**ചിത്രരചന**<br>♦എല്ലാ ക്ലാസിലെയും കുട്ടികളെയും ഉൾപ്പെടുത്തികൊണ്ട് ദിനാചരണവുമായി ബന്ധപ്പെടുത്തി ചിത്രരചന നടത്തുന്നു.<br>♦മികച്ചവ കണ്ടെത്തുന്നു<br>♦പ്രദർശിപ്പിക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **പോസ്റ്റർ തയ്യാറാക്കൽ**<br>♦ ക്ലാസ്തലത്തിൽ പാഠഭാഗവുമായി ബന്ധപ്പെടുത്തി സാമൂഹ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>♦ പോസ്റ്റർ നിർമ്മിക്കാനുള്ള നിർദ്ദേശം നൽകുന്നു. | June-March | ക്ലാസ് ടീച്ചർ<br>പി.ടി.എ | DTP |
| | **ശേഖരണം പ്രവർത്തനം**<br>♦ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് ക്ലാസ്തലത്തിൽ വസ്തുക്കൾ ലിസ്റ്റ് ചെയ്യുന്നു.<br>♦ സ്റ്റാമ്പുകൾ, നാണയങ്ങൾ, ചിത്രങ്ങൾ എന്നിവ രക്ഷിതാക്കളുടെയും, കുട്ടികളുടെയും സഹായത്തോടെ ശേഖരിക്കുന്നു. | July | Class Teacher | |
| | **ആൽബം തയ്യാറാക്കൽ**<br>♦ പാഠഭാഗവുമായി ബന്ധപ്പെട്ട് സാമൂഹ്യ<br>♦ നേതാക്കന്മാരുടെ പേര് ലിസ്റ്റ് ചെയ്യുന്നു<br>♦ ചിത്രങ്ങളും, ജീവചരിത്രക്കുറിപ്പുകളും രക്ഷിതാക്കളുടെ സഹായത്തോടെ ശേഖരിക്കുന്നു.<br>♦ ആൽബം തയ്യാറാക്കുന്നു | Deceber-January | Class Teacher | DTP<br>A4 sheet |
| | **സ്കൂൾതല ബാലസഭ**<br>♦ വിവിധ മേഖലയിലുള്ള കഴിവുകൾ തെളിയിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | July | | |
| | **ക്വിസ് മത്സരം**<br>♦ ക്ലാസ്തലത്തിലും സ്കൂൾതലത്തിലും ദിനാചരണവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ കണ്ടെത്തി ക്വിസ് മത്സരം നടത്തുന്നു. | June-March | Class Teacher | |
| | **പഠനസാമഗ്രി നിർമ്മാണം**<br>♦ ഓരോ ക്ലാസ് തലത്തിൽ സാമഗ്രികൾ പട്ടികപ്പെടുത്തുന്നു.<br>♦ രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മിക്കുന്നു, പ്രദർശിപ്പിക്കുന്നു. | | ക്ലാസ് ടീച്ചർ<br>പി.ടി.എ | പ്രാദേശിക ഭൂപടങ്ങൾ<br>ഗ്ലോബ് |

സി.ഡി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ സാമൂഹ്യ ശാസ്ത്രപഠനത്തിൽ പ്രയോജനപ്പെടുത്തുന്നു. | **ഐ.സി.ടി സാധ്യത**<br>ഓരോ ക്ലാസിലേയ്ക്കും ആവശ്യമായ സി.ഡികൾ ലിസ്റ്റ് ചെയ്യുന്നു.<br>ശേഖരിക്കുന്നു<br>പ്രദർശിപ്പിക്കുന്നു. | May June to March | Class Teacher HM | CD |
| ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ | **പരീക്ഷണങ്ങൾ**<br>♦ശാസ്ത്രവുമായ ബന്ധപ്പെട്ട പരീക്ഷണങ്ങൾ ക്ലാസ് തലത്തിൽ ലിസ്റ്റ് ചെയ്യുന്നു.<br>♦ആസൂത്രണം ചെയ്യുന്നു<br>♦കുട്ടികൾ സ്വയം ചെയ്യുന്നു<br>♦ഘട്ടങ്ങൾ രേഖപ്പെടുത്തുന്നു<br>♦പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു<br>**സയൻസ് പ്രൊജക്ട്**<br>♦പ്രൊജക്ടിന് പറ്റിയ വിഷയങ്ങൾ<br>♦ക്ലാസ് തലത്തിൽ ചർച്ചിയിലൂടെ കണ്ടെത്തുന്നു.<br>(തൊഴിലുകൾ, രോഗങ്ങൾ, ശുചിത്വം, നിയമങ്ങൾ, കൃഷി)<br>♦വിവരശേഖരണം നടത്തുന്നു<br>♦രേഖപ്പെടുത്തുന്നു<br>♦മികച്ചവ സയൻസ് ക്ലബ്ബിലെ അംഗങ്ങൾ കണ്ടെത്തുന്നു. | ജൂൺ മാർച്ച്<br>ജൂൺ- മാർച്ച്<br>June- March | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | പരീക്ഷണ സാധനങ്ങൾ<br>DTP |
| A [ pd rl k u l cy§ t f m Sp qßrb pÅ e m_ vk Ö am j pd b pv i nk ÿX D] ¢ c W § Ä {] t b m P\ s¸ Sp¯ nt p f f I gm vh Å ² ŋ ŋ pd | **ശാസ്ത്രലാബ്**<br>ശാസ്ത്ര ലാബിലേക്ക് വേണ്ട ഉപകരണങ്ങൾ കണ്ടെത്തുന്നു. പിട്ടികപ്പെടുത്തുന്നു.<br>സന്നദ്ധസംഘടനകളുമായി ചേർന്ന് ഉപകരണങ്ങൾ ശേഖരിക്കൽ, സജ്ജീകരിക്കൽ | ജൂൺ- മാർച്ച് ടീച്ചർ | ക്ലാസ് ടീച്ചർ പി.ടി.എ | ഉപകരണങ്ങൾ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നു. | **ശാസ്ത്രസാമഗ്രി നിർമ്മാണം**<br>♦ശാസ്ത്രലാബിലേക്ക് വേണ്ട സാമഗ്രികൾ ഓരോ ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് ലിസ്റ്റ് ചെയ്യുന്നു.<br>♦അമ്മമാരുടെ സഹായത്തോടെ കുട്ടികൾ ശേഖരിക്കുന്നു<br>♦ഓരോ ക്ലാസിലെ ശാസ്ത്രമൂലയിലും ശേഖരിക്കുന്നു. | ജൂൺ-മാർച്ച് | Class Teacher | |
| | **ശാസ്ത്രസാമഗ്രി പ്രദർശനം**<br>♦കുട്ടികൾ ക്ലാസ്തലത്തിൽ ശേഖരിച്ച സാമഗ്രകൾ സ്കൂൾതലത്തിൽ പ്രദർശിപ്പിക്കുന്നു. | ഡിസം-മാർച്ച് | ക്ലാസ് ടീച്ചർ | |
| | **ഐ.സി.ടി സാധ്യത**<br>♦ഓരോ ക്ലാസ് തലത്തിലും ആവശ്യമായ സി.ഡികൾ ലിസ്റ്റ് ചെയ്യുന്നു. ശേഖരിക്കുന്നു.<br>♦ പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രാവർത്തികമാക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | CD |

## കലാ വിദ്യാഭ്യാസം

- സർഗാത്മക നിരീക്ഷണ പാടവം കുട്ടികളിൽ വളർത്താൻ കലാപഠനം അത്യന്താപേക്ഷിതമാണ്. സംഗീതം, നൃത്തം, ചിത്രകല, ശിൽപരചന, നാടകം എന്നീ മേഖലകളിലുള്ള കഴിവുകൾ തിരിച്ചറിയാനും, പുഷ്ടിപ്പെടുത്താനും കഴിവ് നേടേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
- കലാഭിരുചി വളർത്തുക
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരം ഒരുക്കുക
- ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ പരിശീലനത്തിനായി പ്രയോജനപ്പെടുത്തുക

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്താനും അഭിരുചി വളർത്താനുമുള്ള അവസരം ഒരുക്കുക | **ചിത്രരചനാ മത്സരങ്ങൾ**<br>♦ഓരോ ക്ലാസിലെയും കുട്ടികളുടെ കഴിവുകൾ കണ്ടെത്തുന്നതിനായി ചിത്രരചനാ മത്സരങ്ങൾ നടത്തുന്നു.<br>♦മികച്ചവരെ കണ്ടെത്തുന്നു<br>♦പരിശീലനം നൽകുന്നു<br>♦ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു | June-March | Class Teacher | |
| | **പരിശീലന ക്ലാസുകൾ**<br>♦മികച്ചവർക്ക് കലാസാംസ്കാരിക സംഘടനയുടെ സഹായം തേടുന്നു<br>♦നാട്ടിലെ ചിത്രകാരന്മരുടെ സഹായത്തോടെ പരിശീലനം നൽകുന്നു. | June-March | HM | |
| | **ചിത്ര പ്രദർശനം**<br>♦കുട്ടികൾ ക്ലാസ് തലത്തിലും മത്സരതലത്തിലും വരച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. | January | HM<br>Class Teacher | |
| | **അഭിനയം**<br>♦ക്ലാസ് തലത്തിൽ കുട്ടികളെ കണ്ടെത്തുന്നു.<br>♦സാഹിത്യ സമാജം പരിപാടിയിൽ അവതരിപ്പിക്കുന്നു<br>♦കവിതയ്ക്ക് ഈണം നൽകൽ<br>♦സംഗീതവാസനയുള്ള കുട്ടികളെ<br>♦ക്ലാസ് തലത്തിൽ കണ്ടെത്തുന്നു അവതരിപ്പിക്കുന്നു | June | Class Teacher | |
| | **സ്കൂൾ കലാമേള**<br>♦ഓരോ മേഖലയിലും കഴിവുള്ള കുട്ടികളെ ക്ലാസ്തലത്തിൽ കണ്ടെത്തി പരിശീലനം നൽകുന്നു<br>♦സ്കൂൾകലാമേള സംഘടിപ്പിക്കുന്നു. | June<br>Sept.<br>October | HM<br>Class Teacher | |
| | **സ്കൂൾ വാർഷികം**<br>♦എല്ലാ കുട്ടികൾക്കും പരിശീലനം നൽകുന്നു.<br>♦കമ്മിററി രൂപീകരണം,<br>♦വാർഷികാഘോഷ പരിപാടി നടത്തുന്നു. | Dece-March | PTA<br>SSG<br>HM | സ്റ്റേജ്, ലൈറ്റ് & സൗണ്ട് നോട്ടീസ് ഡെക്കറേഷൻ ഭക്ഷണം |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആധുനിക ശാസ്ത്ര സാങ്കേതി വിദ്യകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.സി.ടി സാധ്യത**<br>♦ഓരോ മേഖലയിലും പ്രവർത്തനവുമായി ബന്ധപ്പെട്ട് (നാടകം, അഭിനയം, നൃത്തം) സി.ഡികൾ ശേഖരിക്കുന്നു.<br>ക്ലാസ്തലത്തിലും സ്കൂൾ തലത്തിലും പ്രവർത്തിക്കുന്നു. | June-March | HM<br>Class Teacher | CD |

## ശാസ്ത്രം

ശാസ്ത്രീയമായ ആകാംക്ഷയും, സർഗാത്മകതയും പരിപോഷിപ്പിക്കാൻ ശാസ്ത്ര പഠനം സഹായിക്കുന്നു. പ്രക്രിയാധിഷ്ഠിത പഠനം കുട്ടിയെ ശാസ്ത്രം പഠിപ്പിക്കാൻ പഠിപ്പിക്കുകയാണ് ചെയ്യുന്നത്. നിരീക്ഷണത്തിലൂടെയും, പരീക്ഷണത്തിലൂടെയും, ശാസ്ത്രത്തോടുള്ള താൽപര്യം കുട്ടിയിൽ ഉളവാക്കാൻ കഴിയും

### ലക്ഷ്യങ്ങൾ

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രാവബോധം ശാസ്ത്ര മനോഭാവം എന്നിവ വർദ്ധിപ്പിക്കുക
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക
- ശസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക
- ഇതിനുമുമ്പ് ഉതകുംവിധം ആധുനിക സൗകര്യത്തോടെയുള്ള ലാബ് സജ്ജമാക്കുക
- ശാസ്ത്രരംഗത്തെ നൂതനശാലകൾ കുട്ടികളെ പരിചയപ്പെടുത്തുക
- ആധനികശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

ENGLISH

കാലം | ചുമതല | സാമ്പത്തികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ♦ ശേഖരിക്കുന്നു<br>♦ പ്രദർശിപ്പിക്കുന്നു | 6 മാസത്തിലൊരിക്കൽ | | |
| | **ശാസ്ത്രജ്ഞന്മാരുടെ ആൽബം തയ്യാറാക്കൽ**<br>♦ ശാസ്ത്രജ്ഞന്മാരുടെ പേര് ലിസ്റ്റ് ചെയ്യുന്നു.<br>♦ ജീവചരിത്രക്കുറിപ്പ് ചിത്രങ്ങൾ എന്നിവ രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾ ശേഖരിക്കുന്നു.<br>♦ ആൽബം ആക്കുന്നു | ജൂൺ | ക്ലാസ് ടീച്ചർ എം.പി.ടി.എ | ആൽബം |
| | **ഫീൽഡ് ട്രിപ്പ്**<br>♦ ഫീൽഡ് ട്രിപ്പിന് യോജിച്ച സ്ഥലങ്ങൾ കണ്ടെത്തുന്നു. ലിസ്റ്റ് ചെയ്യുന്നു.<br>♦ സന്ദർശിക്കുന്നു. | ഡിസംബർ-ജനുവരി | എച്ച്.എം ക്ലാസ് ടീച്ചർ | |
| | **പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം**<br>♦ ജൈവവും അജൈവവുമായ സാധനങ്ങൾ തരം തിരിക്കുന്നു.<br>♦ സയൻസ് ക്ലബ്ബിലെ അംഗങ്ങൾക്ക് ചുമതല നൽകുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ പി.ടി.എ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുന്നു ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക | **സയൻസ് ക്ലബ്ബ് രൂപീകരണം**<br>♦ഓരോ ക്ലാസിലെയും കുട്ടികളെ ഉൾപ്പെടുത്തികൊണ്ട് സയൻസ് ക്ലബ്ബ് രൂപീകരിക്കുന്നു.<br>♦കുട്ടികൾക്ക് ചുമതല നൽകുന്നു | ജൂൺ<br>മാർച്ച് | HM<br>Class Teacher | |
| | **സയൻസ് കോർണർ**<br>♦ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യുന്നു. ശേഖരിക്കുന്നു.<br>♦നാട്ടുകാരുടെ സഹായം തേടുന്നു.<br>♦ശേഖരിക്കുന്നു. | ജൂൺ-മാർച്ച് | Class-Teacher | Books |
| | **ശേഖരണം പ്രവർത്തനം**<br>♦ ഓരോ ക്ലാസുമായി ബന്ധപ്പെട്ട വസ്തുക്കൾ ലിസ്റ്റ് ചെയ്യുന്നു. (തൂവലുകൾ, വേരുകൾ, ഇലകൾ)<br>♦രക്ഷിതാക്കളുടെയും കുട്ടികളുടെയും സഹായത്തോടെ | ജൂൺ | | |
| | **ബോധവൽക്കരണ ക്ലാസ്**<br>♦ശുചിത്വം, മഴക്കാലംപൂർവ്വ രോഗങ്ങൾ, പ്ലാസ്റ്റിക്ക് ഉപയോഗത്തിന്റെ ദോഷങ്ങൾ, ലഹരി വിനിയോഗം, ശാരീരിക മാനസിക പ്രശ്നങ്ങൾ, എന്നിവയ്ക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | രണ്ടു മാസത്തിലൊരിക്കൽ | Class Teacher<br>HM | 1000 |
| | **പോസ്റ്റർ നിർമ്മാണം**<br>♦ലഹരി വിരുദ്ധം, ശുചിത്വം, പ്ലാസ്റ്റിക് ഉപയോഗം, രോഗങ്ങൾ, ജലവിനിയോഗം എന്നിവയുമായി ബന്ധപ്പെട്ട് ക്ലാസ് തലത്തിലും സ്കൂൾതലത്തിലും പോസ്റ്റർ നിർമ്മാണം, ചുമർപത്രിക നിർമ്മാണം<br>♦പ്രദർശനം<br>♦ചിത്രരചന.<br>♦പ്രദർശനം | ജൂൺ-മാർച്ച് | Class Teacher<br>Class-Teacher | Chart etc |

ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷ ഭാഷണശേഷി മെച്ചപ്പെടുത്തുന്നതിന് ആശയവിനിമയം നടത്താൻ | ക്ലാസ്സിൽ പ്രവർത്തനം നിരന്തര പ്രവർത്തനം | മാസത്തിൽ ഒന്ന് | SRG<br>Class Teacher | SSA |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ | Let's talk..<br>അസംബ്ലിയും ഇടവേളയിൽ സംസാരിക്കൽ | 3 മാസത്തിൽ ഒന്ന് | SRG<br>Class Teacher | |
| | English ബോർഡ് | മാസത്തിൽ ഒന്ന് | SMC | |
| | ഇംഗ്ലീഷ് വാരം ആചരി. | ആഴ്ചയിൽ ഒന്ന് | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള കഴിവ് | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുക. | ആഴ്ചയിൽ മൂന്ന് ദിവസം | Class Teacher | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | (1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | അദ്ധ്യാപകർ കുട്ടികൾ | |
| | (2) ജ്യാമിതീയരൂപങ്ങളുടെ നിർമ്മാണം ഏകദിന ക്യാമ്പ് | സെപ്തംബർ | ക്ലാസ് ടീച്ചർ | |
| | ഗണിത ക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കുട്ടികളിലേക്ക് | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ്ടീച്ചർ | |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതിക്കണക്കുകൾ ഗണിത പസിലുകൾ പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ്ടീച്ചർ | SSA |

മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ശേഷികളുടെ വികസനം | ① ശേഷികൾ കുട്ടികളിലും പാഠങ്ങളും ലക്ഷ്യമാക്കി കുട്ടികളെ സ്വാംശീകരിപ്പിക്കൽ. | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി | SMC |
| | മലയാള പാഠങ്ങൾ അമ്മമാർ കുട്ടികൾക്ക് അവതരിപ്പിക്കുന്നു. | [illegible] ഡിസംബർ ജനുവരി മാസത്തിലൊക്കെ | ക്ലാസ് ടീച്ചർ SRG MPTA | MPTA |
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന മികവ് | എഴുത്തിന്റെ [illegible] [illegible] മികവിലേക്ക് നയിക്കുന്ന അവസരങ്ങൾ. ലഘുപതിപ്പുകൾ | ഒക്ടോബർ നവംബർ ഡിസംബർ | SRG SMC ക്ലബ്ബുകൾ MPTA | MPTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കലാപരമായ കഴിവ്,സൂക്ഷ്മത കൃത്യത പേശിവികാസം | സചിത്ര പുസ്തകം | ജൂൺ മാർച്ച് | അധ്യാപകൻ രക്ഷിതാക്കൾ | പ്രിന്റ് ചിത്രങ്ങൾ |
| ഭാഷാജ്ഞാനവും ആശയവിനിമയ പാടവവും വികസിപ്പിക്കുക | സംയുക്ത ഡയറി | ജൂൺ മാർച്ച് | അധ്യാപകൻ രക്ഷിതാക്കൾ | |
| ബാലകവിതകൾ കുട്ടിപ്പാട്ടുകൾ എന്നിവ വായിച്ചുആസ്വദിക്കാനുള്ള കഴിവ് | പാട്ടരങ്ങ് | ജൂൺ മാർച്ച് | അധ്യാപകൻ രക്ഷിതാക്കൾ | |
| രസകരവും ആകർഷകവുമായ രീതിയിൽ കുട്ടികളുടെ ഉച്ചത്തിലുള്ള വായന പ്രാവീണ്യവും ഗ്രഹണശേഷിയും മെച്ചപ്പെടുത്തുക | പാട്ടരങ്ങ്. റീഡേഴ്സ് തിയേറ്റർ | ജൂൺ മാർച്ച് | അധ്യാപകൻ രക്ഷിതാക്കൾ | |
| ശാരീരികമാന ആരോഗ്യം വ്യായാമം | സൂംബ ഡാൻസ് | ജൂൺ- മാർച്ച് | രക്ഷിതാക്കൾ അധ്യാപകർ | |
| പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോക്ക നിരയിൽ എത്തിക്കൽ | ലൈബ്രറി വിതരണം സംയുക്ത ഡയറി കഥ-കവിത രചനകൾ പാട്ടരങ്ങ് English assembly സ്കിറ്റ് അവതരണം Reading cards. | ജൂൺ മാർച്ച് | അധ്യാപക രക്ഷിതാക്കൾ | |
| | ഗണിത ക്ലബ് ഗണിത ലാബ് [illegible]. പത്ര വായന റീഡേഴ്സ് തിയേറ്റർ | | | |
| | | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **<u>ഇംഗ്ലീഷ് കേളികൾ</u>**<br>♦പദചങ്ങല നിർമ്മാണം<br>♦ഓരോ വാക്കുകൾ കൊടുത്ത് ചങ്ങല പോലെ വാക്കുകൾ കണ്ടെത്തൽ | 6 മാസത്തിലൊരിക്കൽ | | |
| | **<u>Riddles</u>**<br>♦ഓരോ ക്ലാസിനും അനുയോജ്യമായ കടങ്കഥ ശേഖരിക്കുന്നു.<br>♦ഒരു പുസ്തകമാക്കുക<br>♦രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾ സ്വന്തമായി നിർമ്മിക്കൽ | ജൂൺ | ക്ലാസ് ടീച്ചർ<br>എ.പി.ടി.എ | ആർബം |
| | **<u>മാഗസിൻ തയ്യാറാക്കൽ</u>**<br>♦കുട്ടികളുടെ അഭിരുചിക്കനുസരിച്ച് രൂപപ്പെടുന്ന രചനകൾ ശേഖരിക്കുന്നു.<br>♦മികവ് കണ്ടെത്തുന്നു. പതിപ്പിക്കുന്നു. | ഡിസംബർ-ജനുവരി | എച്ച്.എം<br>ക്ലാസ് ടീച്ചർ | |
| | **<u>കുട്ടികളുടെ ഡിക്ഷനറി</u>**<br>♦പഠനങ്ങളിൽനിന്നും വായനസാമഗ്രികളിൽ നിന്നും പരിചിത വസ്തുക്കളിൽ നിന്നും കിട്ടുന്ന വാക്കുകൾ ചേർത്ത് ഡിക്ഷനറി തയ്യാറാക്കൽ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ<br>പി.ടി.എ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുക (എഴുത്ത്) | **ഇംഗ്ലീഷ് പത്രങ്ങൾ**<br>♦എല്ലാ ദിവസവും പത്രങ്ങൾ വരുത്തുന്നു<br>♦ക്ലാസിൽ ഓരോ ടീച്ചറും BBയിൽ Heading വാക്ക് എഴുതുന്നു. കുട്ടികൾ എഴുതി വായിക്കുന്നു.<br>♦അതിനെ ഡിക്ഷനറിയായി രൂപപ്പെടുത്തുന്നു.<br>♦മാസാവസാനം ക്രോഡീകരിക്കുന്നു. വിലയിരുത്തുന്നു.<br>**ഇംഗ്ലീഷ് തിയറ്റർ**<br>♦ഓരോ ക്ലാസിലും അനുയോജ്യമായ സി.ഡി, ഫിലിം ലിസ്റ്റ് ചെയ്യുന്നു. ശേഖരിക്കുന്നു, പ്രദർശിപ്പിക്കുന്നു.<br>**ഹലോ ഇംഗ്ലീഷ്**<br>♦സ്കിറ്റ് അവതരണം<br>♦ഓരോ ക്ലാസിനും അനുയോജ്യമായ മേഖലകൾ വെച്ച് പ്രീടെസ്റ്റ് നടത്തുന്നു<br>♦മൂല്യനിർണയം നടത്തുന്നു<br>♦റിസൽട്ട് രേഖപ്പെടുത്തുന്നു<br>♦റിപ്പോർട്ട് തയ്യാറാക്കുന്നു.<br>♦എസ്.ആർ.ജിയിൽ അവതരിപ്പിക്കുന്നു<br>**വർക്ക് ഷീറ്റ്**<br>♦ഓരോ ക്ലാസിനും പഠനത്തിനനുയോഗ്യമായ വർക്ക് ഷീറ്റ് രൂപപ്പെടുത്തുന്നു.<br>♦മൂല്യ നിർണ്ണയം നടത്തുന്നു<br>**വായനകാർഡ് വിതരണം**<br>♦കുട്ടികൾക്ക് ഓരോ ആഴ്ചയും ഓരോ വായനകാർഡ് നൽകുന്നു.<br>♦വാക്കുകൾ കണ്ടെത്തുന്നു.<br>♦വാക്കുകൾ ഡിക്ഷനറിയായി രൂപപ്പെടുത്തി എഴുതുന്നു. | 6 മാസത്തിലൊരിക്കൽ<br>ജൂൺ<br>ഡിസംബർ-ജനുവരി<br>ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ<br>എ.പി.ടി.എ<br>എച്ച്.എം<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>പി.ടി.എ | ആർബം |

ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക | **പഠനപിന്നോക്കം നിൽക്കുന്നവരെ** <br> I s- ¯ Â <br> ♦അവർക്ക് യോജിച്ച നിലവാരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. <br> ♦ക്ലാസിൽ പ്രായോഗികമാക്കുന്നു. <br> ♦മൂല്യനിർണയം നടത്തുന്നു. റിസൽട്ട് രേഖപ്പെടുത്തുന്നു.റിപ്പോർട്ട് തയ്യാറാക്കുന്നു. എസ്.ആർ.ജിയിൽ അവതരിപ്പിക്കുന്നു. <br> **വായനസാമഗ്രി നിർമ്മാണം** <br> ♦വായനയ്ക്ക് അനുയോജ്യമായ സാമഗ്രികൾ ഓരോ ക്ലാസിനും അനുയോജ്യമായി കണ്ടെത്തി ലിസ്റ്റ് ചെയ്യുന്നു. <br> ♦അമ്മമാരുടെ സഹായത്തോടെ നിർമ്മിക്കുന്നു. <br> ♦വായനകാർഡ് <br> ♦പദകാർഡ് <br> ♦അക്ഷരകാർഡ് <br> ♦ലൈബ്രറി, പുസ്തകങ്ങൾ, സി.ഡി <br> **ഇംഗ്ലീഷ് അസംബ്ലി** <br> ♦ആഴ്ചയിൽ ഒരു ദിവസം അസംബ്ലി നടത്തുന്നു. <br> ♦ഓരോ ക്ലാസിൽനിന്നും വ്യത്യസ്ത തരത്തിലുള്ള (Rhyme, Story telling, Pledge)അവതരിപ്പിക്കുന്നു. <br> **ലൈബ്രറി പുസ്തകശേഖരണം** <br> **വികസനം** <br> ♦ഓരോ ക്ലാസിലെ എല്ലാ കുട്ടികളിൽ നിന്നും ഒരു ലൈബ്രറി പുസ്തകം വീതം ശേഖരിക്കുക <br> ♦മൊത്തം 200 പുസ്തകം(5വർഷം) | 6 മാസത്തിലൊരിക്കൽ <br> ജൂൺ <br> ഡിസംബർ-ജനുവരി <br> ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ എ.പി.ടി.എ <br> എച്ച്.എം ക്ലാസ് ടീച്ചർ <br> ക്ലാസ് ടീച്ചർ പി.ടി.എ | ആർബം |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | <u>ചിത്രരചന</u><br>♦മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചു<br>♦ചിത്ര രചന മത്സരം നടത്തുന്നു.<br>♦മികച്ചവരെ കണ്ടെത്തുന്നു. | June-March | Class Teacher | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **മെഡിക്കൽ ക്യാമ്പ്**<br>ക്ലാസ് തലത്തിൽ കുട്ടികളെ കണ്ടെത്തുന്നു. ആറു മാസത്തിലൊരിക്കൽ കുട്ടികളുടെ പ്രയാണത്തിനനുസരിച്ചുള്ള ആരോഗ്യനിലവാരത്തെ വിലയിരുത്തി സന്നദ്ധസംഘടനകളുടെ സഹായത്താൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നു. | ജൂൺ- നവംബർ<br>ഡിസംബർ- മാർച്ച് | അധ്യാപകർ, രക്ഷിതാക്കൾ കൃഷിഭവൻ, കർഷക തൊഴിലാളി | ഗ്രോബാഗ് കൃഷി ഉപകരണങ്ങൾ, വളം, വിത്തുകൾ |
| | **പ്രദർശനം**<br>ആരോഗ്യകരമായ ശീലങ്ങൾ, വ്യക്തി ശുചിത്വം, പോഷകാഹാര ഘടകങ്ങൾ എന്നിവ എഴുതി പ്രദർശിപ്പിക്കുന്നു. | June | Class Teacher | Chart<br>DTP |
| | **ഉച്ചഭക്ഷണം**<br>പോഷക സമൃദ്ധമായ ആഹാരം ലിസ്റ്റ് ചെയ്യുന്നു. രക്ഷിതാക്കൾക്ക് ചുമതല നൽകുന്നു. | May-<br>June | HM<br>PTA | |
| സ്കൂളിനെ മാലിന്യ വിമുക്തമാക്കുന്നു. ഹരിതാഭമാക്കുന്നു. | **പച്ചക്കറിത്തോട്ടം**<br>സ്ഥലം കണ്ടെത്തുന്നു. വിത്തുകൾ ശേഖരിക്കുന്നു. ഉപകരണങ്ങൾ ശേഖരിക്കുന്നു. കാർഷിക ക്ലബ്ബിലെ കുട്ടികൾക്കും രക്ഷിതക്കൾക്കും ചുമതല നൽകുന്നു. | ഡിസംബർ | കർഷക തൊഴിലാളികൾ<br>HM<br>Class-Teacher<br>PTA<br>കൃഷിഭവൻ | 1000 |
| | **വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം**<br>ഓരോ കുട്ടിയുടെയും വീട്ടിലേക്കാവശ്യമായ വിത്തുകൾ വിതരണം ചെയ്യുന്നു. ടീച്ചർമാർക്ക് ചുമതല നൽകുന്നു. പരിശോധിക്കുന്നു, വിലയിരുത്തുന്നു. | ഡിസംബർ-മാർച്ച് | രക്ഷിതാക്കൾ, ക്ലാസ് ടീച്ചർ | വിത്തുകൾ<br>ഗ്രോബാഗ്<br>വളം<br>കൃഷി ഉപകരണങ്ങൾ |
| | **പ്രോജക്ട്**<br>ഓരോ ക്ലാസുതലത്തിൽ കൃഷിചെയ്തതിന്റെ ഫോർമാറ്റ് കുട്ടികൾ അധ്യാപകരുടെ സഹായത്തോടെ പൂരിപ്പിക്കുന്നു. മികച്ചവ ശേഖരിക്കുന്നു. | June-<br>March | Class-<br>Teacher | A4 sheet |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം**<br>♦ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.<br>♦ഓരോ ക്ലാസിലും ഡെസ്റ്റ്ബിൻ സ്ഥാപിക്കുന്നു.<br>♦ജൈവവും അജൈവവുമായ വസ്തുക്കൾ<br>♦പ്രത്യേകം ശേഖരിക്കുന്നു. ബന്ധപ്പെട്ടവരെ ഏൽപ്പിക്കുന്നു.<br>**ശുചിത്വ സേന**<br>♦ഓരോ ക്ലാസിലെയും കുട്ടികളെ ഉൾപ്പെടുത്തി ശുചിത്വ സേന രൂപീകരിക്കുന്നു. ദിവസവും സകൂൾ പരിസരം നിരീക്ഷിക്കുന്നു.<br>**ജൈവവൈവിദ്യ പാർക്ക്**<br>♦സ്കൂളിൽ പരമിതമായ സ്ഥലത്ത് ജൈവ<br>♦വൈവിധ്യ പാർക്ക് നിർമ്മിക്കുന്നു.<br>♦കുട്ടികൾക്ക് ചുമതല നൽകുന്നു. | ആഗസ്റ്റ്<br>ജൂൺ-മാർച്ച്<br>ജൂലൈ<br>ജൂൺ-മാർച്ച്<br>ഡിസംബർ<br>ഡിസംബർ-മാർച്ച് | അധ്യാപകർ, രക്ഷിതാക്കൾ, കൃഷിഭവൻ, കർഷക തൊഴിലാളി<br>രക്ഷിതാക്കൾ, ക്ലാസ് ടീച്ചർ | ഗ്രോബേഗ് കൃഷി ഉപകരണങ്ങൾ, വളം, വിത്തുകൾ<br>വിത്തുകൾ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയുടെ ആരോഗ്യ-കായിക വികസനഘട്ടങ്ങളെ ശസ്ത്രീയമായി വികസിപ്പക്കൽ ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ വികസിപ്പിക്കുന്നു. | **മാസ്ഡ്രിൽ**<br>ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലെയും വിദ്യാർത്ഥിൾക്ക് അനുയോജ്യമായ മാസ്ഡ്രിൽ കണ്ടെത്തുന്നു. പരിശീലനം നൽകുന്നു. | ജൂൺ മാർച്ച് | Class - Teacher പൂർവ്വ വിദ്യാർത്ഥികൾ | CD |
| വിവിധ സന്ദർഭങ്ങളിൽ ശരീരത്തെ ചലിപ്പിക്കാൻ ശേഷി ആർജ്ജിക്കലും ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തലും | **ഐ.സി.ടി സാധ്യത**<br>ഓരോ കുട്ടിക്കും ക്ലാസ്തലത്തിന് യോജിച്ച മാസ്ഡ്രിൽ സി.ഡി. കണ്ടെത്തുന്നു.<br>പ്രദർശിപ്പിക്കുന്നു.<br>പ്രാവർത്തികമാക്കുന്നു. | മെയ്<br>ജൂൺ-മാർച്ച് | Class Teacher | CD |
| | **കായികകേളി**<br>ഓരോ സ്കൂളിനും അനുയോജ്യമായ കായികകേളികൾ കണ്ടെത്തുന്നു.<br>പ്രായോഗികമാക്കുന്നു. | ജൂൺ-മാർച്ച് | Class Teacher | |
| | **സ്കൂൾ സ്പോർട്സ്**<br>ഓരോ ക്ലാസിലേയും കുട്ടികളുടെ കഴിവ് കണ്ടെത്താൻ സ്പോർട്സ് കിറ്റ് പട്ടികപ്പെടുത്തൽ, നാട്ടുകാരുടെ സേവനം ഉപോയഗപ്പെടുത്താൻ ക്ലബ് (പൂർവ്വ വിദ്യാർത്ഥികൾ)<br>നാട്ടുകാരിൽനിന്ന് കായികപരിശീലനം സിദ്ധിച്ച ആളുകളെ കണ്ടെത്തലും ഉപയോഗപ്പെടുത്തലും | ജൂലൈ-മെയ് | Class-Teacher PTA | 2000 |
| ആരോഗ്യകരമായ ശീലങ്ങളും മനോഭാവവും വളർത്തൽ | **ആരോഗ്യബോധവൽക്കരണ ക്ലാസ്**<br>മഴക്കാല പർവ്വരോഗങ്ങൾ<br>പ്രഥമശുശ്രൂഷ, വിദഗ്ദരെ ഉപയോഗപ്പെടുത്തി ആരോഗ്യ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | ജൂൺ ജൂലൈ | Class Teacher HM | 1000 |

| പ്രവർത്തനങ്ങൾ | കാലം | പങ്കാളികൾ |
| --- | --- | --- |
| * സ്കൂളിൽ S.R.G | ജനുവരി 7 | |
| * സ്കൂളിൽ P.T.A | ജനുവരി 8 | |
| * സ്കൂളിൽ C.P.T.A | | |
| സമൂഹ ഇടപെടൽ | ജനുവരി 9 | |
| വിദ്യാലയ പ്രവർത്തി വിശദീകരണം (H.M) | ജനുവരി 10 to 15 | കുട്ടികൾ |
| ചിത്രകാർഡുകൾ നൽകി വായന നിർമ്മാണം | | കുട്ടികൾ, രക്ഷിതാക്കൾ |
| വായനാ കാർഡ് നിർമ്മാണം (നിർമ്മാണം, വിതരണം) | ജനുവരി 16 to 20 | കുട്ടികൾ. |
| ലൈബ്രറി വിതരണം | | |
| ഉല്ലാസം കുട്ടികളുടെ ചിത്രം | | |
| കുട്ടി സംഭാഷണ നിർമ്മാണം | | |

## പൊതു ലക്ഷ്യങ്ങൾ

കുട്ടികളുടെ സർവ്വോന്മുകമായ വളർച്ചയാണ് ഓരോ വിദ്യാലയത്തിന്റെയും ലക്ഷ്യം. വ്യക്തമായ ആസൂത്രണത്തിലൂടെ മാത്രമേ കുട്ടികളുടെ പൊതുവായ കഴിവും ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളെയും പഠനമുന്നേറ്റത്തിന് തുല്ല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയു.

- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിൽ എത്താൻ സഹായകമായ പഠന സൗകര്യങ്ങൾ ഒരുക്കുക.
- വിദ്യാലയം സമൂഹമായുള്ള ബന്ധം ശക്തപ്പെടുത്തുക.
- വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക.
- ഡിജിറ്റൽ ലൈബ്രറി ഒരുക്കുക സ്മാർട്ട് ക്ലാസ് റും ഒരുക്കുക.

# Academic Calander 2025-2026

| Sl No | Name of Programme | Time | Charge | Finance | Remarks |
|---|---|---|---|---|---|
| 1 | SRG യോഗം | Jun 01- Mon | | | |
| 2 | സ്കൂൾ പച്ചക്കറി തോട്ടം | Jun 5 - 10 | Cell Club | | |
| 3 | വായനാ കളരി നവീകരണം | Jun 19 - 26 | Mal Club | | |
| 4 | PTA / MPTA ജനറൽ ബോഡി | Jun 21 - Fri | | | |
| 5 | SRG യോഗം | July 01- Mon | | | |
| 6 | ബഷീർ ചരമദിനം | July 05- Fri | മലയാളം | | |
| 7 | PTA / MPTA പ്രവർത്തക സമിതി | Jun 21 - Fri | | | |
| 8 | ലോകജനസംഖ്യാ ദിനം | July 11 - Thu | SS Club | | |
| 9 | ശാസ്ത്രലാബ് 3 -4 Class | July 20 - Sat | SCI Club | | |
| 10 | ചാന്ദ്ര ദിനം | July 21 - 22<br>Sun-Mon | | | |
| 11 | സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് | July 23 - Tue | SSClub | | |
| 12 | മുന്നേറ്റം<br>(മലയാള ഭാഷ പഠനത്തിൽ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക ഷെഡ്യൂൾ തയ്യാറാക്കി പരിശീലനം) | July 06 - Sat<br>July 13 - Sat<br>July 27 - Sat | Mal Club<br>Mal Club<br>Mal Club | | |
| 13 | SRG യോഗം | July 26 - Fri | | | |
| 14 | Spoken English Class<br>PTA / MPTA പ്രവർത്തകസമിതി | Aug 05 - Mon | Eglish Club | | |
| 15 | ഹിരോഷിമ ദിനം | Aug 06 Tue | SSClub | | |
| 16 | മുന്നേറ്റം<br>(ഗണിത പഠനത്തിൽ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക | Aug 10 Sat<br>Aug 17 Sat | MathsClub | | |
| 17 | ഷെഡ്യൂൾ തയ്യാറാക്കി പരിശീലനം | Aug 24- Sat | | | |
| 18 | സ്വാതന്ത്ര്യദിനാഘോഷം | Aug 15- Tue | | | |
| 19 | SRG യോഗം | Aug 27- Tue | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| അർത്ഥപൂർണ്ണ മായുള്ള വായ നയും സാഹിത്യ അഭിരുചിയും വളർത്തുന്നു | **Pre Test**<br>ഓരോ ക്ലാസിലെ കുട്ടികൾക്കും അനുയോജ്യമായ രീതിയിൽ വിവിധ മേഖലയിലുള്ള പ്രീ ടെസ്റ്റ് നടത്തുന്നു.<br>♦മൂല്യനിർണയം നടത്തുന്നു<br>♦റിസൽട്ട് രേഖപ്പെടുത്തുന്നു<br>♦റിപ്പോർട്ട് തയ്യാറാക്കുന്നു<br>♦എസ്.ആർ.ജിയിൽ അവതരിപ്പിക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | വർക്ക് ഷീറ്റ് |

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | **പത്രവായന**<br>♦പത്രങ്ങൾ സ്കൂളിൽ വരുത്തുക.<br>♦വാർത്ത എഴുതിക്കുക. അസം ബ്ലിയിൽ വായിക്കുക.<br>♦ഓരോ ദിവസവും ഓരോ ചോദ്യം നോട്ടീസ് ബോർഡിൽ പ്രദർശി പ്പിക്കുക.<br>♦കുട്ടികൾ ഉത്തരപ്പെട്ടി യിൽ ഉത്തരം നിക്ഷേപിക്കുക.<br>♦മാസാവസാനം പത്ര ക്വിസ് നട ത്തുക. വിജയിയെ കണ്ടെത്തുക | ജൂൺ-മാർച്ച് | HM<br>PTA<br>SSG<br>Class Teacher | പത്രം<br>നോട്ടീസ്<br>ബോർഡ് |
| | **വായനാ സാമഗ്രി നിർമ്മാണം**<br>♦ഓരോ ക്ലാസിലേക്കും യോജിച്ച തരത്തിലുള്ള വായനാ സാമഗ്രി കൾ കണ്ടെത്തുന്നു. | മെയ് | Class Teacher | വായനാസാമ മഗ്രി കൾ,ചാർട്ട്, ക്രയോൺ... |
| | ♦അതിനെ പട്ടികപ്പെടുത്തുന്നു<br>♦കുട്ടികളെ ഉൾപ്പെടുത്തി അമ്മ മാരുടെ സഹായം തേടുന്നു | ജൂൺ | MPTA | Laminate |